©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2025 നവംബർ 17<br>17th November 2025<br>1201 വൃശ്ചികം 1<br>1st Vrischikam 1201<br>1947 കാർത്തികം 26<br>26th Karthika 1947 | നമ്പർ<br>No. 4063 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:78/2025/സം.തി.ക തിരുവനന്തപുരം, 2025 നവംബർ 17.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2022 ആഗസ്റ്റ് 23-ാം തീയതിയിലെ ബി2/66/2022/സം.തി.ക(2) നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതും 2022 ആഗസ്റ്റ് 27-ാം തീയതിയിലെ 2902-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം ചുവടെ പറയുന്ന പ്രകാരം ഇതിനാൽ ഭേദഗതി ചെയ്യുന്നു, അതായത്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഭേദഗതി**

പ്രസ്തുത വിജ്ഞാപനത്തിൽ ക്രമ നമ്പർ 2431 ഉം അതിന് എതിരെയുള്ള ഉൾക്കുറിപ്പുകളും ഒഴിവാക്കേണ്ടതാണ്.

ഈ ഭേദഗതി വിജ്ഞാപനത്തിന് 2022 ആഗസ്റ്റ് 23-ാം തീയതി മുതൽ പ്രാബല്യമുള്ളതാണ്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**എ. ഷാജഹാൻ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2020 ലെ പൊതുതിരഞ്ഞെടുപ്പിൽ ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാനാർത്ഥികളെ അയോഗ്യരാക്കിക്കൊണ്ട് കമ്മീഷൻ 23.08.2022 ലെ ബി2/66/2022/സം.തി.ക(2) നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ക്രമ നമ്പർ 2431 ആയി ജി.63 ഭരണിക്കാവ് 21-മഞ്ഞാടിത്തറ  നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീ.അരുൺ രാഘവൻ ഉൾപ്പെട്ടിരുന്നു. എന്നാൽ, 2020 ലെ പൊതുതിരഞ്ഞെടുപ്പിൽ യഥാസമയം തിരഞ്ഞെടുപ്പ് ചെലവുകൾ സമർപ്പിച്ചിരിന്നുവെങ്കിലും തിരഞ്ഞെടുപ്പ് ചെലവുകൾ സമർപ്പിച്ചില്ല എന്ന പേരിൽ അയോഗ്യനാക്കപ്പെട്ടെന്നും 2025 ലെ തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ അയോഗ്യത ലിസ്റ്റിൽ നിന്നും നീക്കം ചെയ്യണമെന്നും  ആവശ്യപ്പെട്ട് ശ്രീ.അരുൺ രാഘവൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയം കമ്മീഷൻ പരിശോധിച്ചതിൽ ജി.63 ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിലെ 21 മഞ്ഞാടിത്തറ നിയോജകമണ്ഡലത്തിൽ നിന്ന് മത്സരിച്ച ശ്രീ. അരുൺ രാഘവൻ, തിരഞ്ഞെടുപ്പ് ചെലവ് കണക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ചിട്ടുണ്ടെന്നും ടിയാന്റെ പേര് ചെലവ് കണക്ക് സമർപ്പിക്കാത്തവരുടെ പട്ടികയിൽ തെറ്റായി ഉൾപ്പെട്ടതായിരുന്നെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.അരുൺ രാഘവന്റെ പേര് അയോഗ്യരാക്കപ്പെട്ടവരുടെ ഗണത്തിൽ നിന്ന് ഒഴിവാക്കേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.17 07:28:40 +05:30